"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - അഗസ്ത്യാർകൂടം സീസണൽ ട്രക്കിംഗ് 2025 - സന്ദർശകരെ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി(ഡി) വകുപ്പ്

സ.ഉ.(സാധാ) നം.531/2024/F&WLD തീയതി,തിരുവനന്തപുരം, 20-12-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.5/2019/വനം, തീയതി 04/01/2019.
2. സ.ഉ.(സാധാ) നം.579/2022/വനം, തീയതി 27/12/2022.
3. സ.ഉ.(സാധാ) നം.165/2023/വനം, തീയതി 17/04/2023.
4. സ.ഉ.(സാധാ) നം.12/2024/വനം തീയതി 06/01/2024.
5. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 16/12/2024-ലെ KFDHQ/16257/17-CWW/WL6 നമ്പർ കത്ത്.

**ഉത്തരവ്**

അഗസ്ത്യാർകൂടം സീസണൽ ട്രക്കിംഗ് 2025-മായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, സന്ദർശകരെ അനുവദിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 2025 വർഷത്തെ അഗസ്ത്യാർകൂടം സീസണൽ ട്രെക്കിങ്ങ് നടത്തേണ്ട തീയതി, ജനുവരി 20 മുതൽ ഫെബ്രുവരി 22 വരെ ആയിരിക്കുന്നതാണ്.
2. ട്രെക്കിങ്ങ് ഫീസ് 2200 (രണ്ടായിരത്തി ഇരുന്നൂറ്) രൂപയും ഇക്കോ സിസ്റ്റം മാനേജ്മന്റ് സ്പെഷ്യൽ ഫീസ് 500 (അഞ്ഞൂറ് ) രൂപയും ഉൾപ്പെടെ ഒരാളിൽ നിന്നും ഈടാക്കാവുന്ന ഫീസ് 2700 /-(രണ്ടായിരത്തി എഴുന്നൂറ്) രൂപ ആയിരിക്കുന്നതാണ്.
3. ഒരു ദിവസം 100 (നൂറ്) പേർക്കാണ് പ്രവേശന അനുമതി നൽകുന്നത്. അതിൽ 70 ശതമാനം ബുക്കിങ് ഓൺലൈൻ ആയി നൽകേണ്ടതാണ്.
4. ഓൺലൈൻ ബുക്കിങിനുശേഷമുള്ള 30 ശതമാനം സീറ്റുകളും ക്യാൻസലേഷൻ പ്രകാരം വരുന്ന സീറ്റുകളും ട്രെക്കിങ്ങ് ആരംഭിക്കുന്നതിന് ഒരു ദിവസം മുൻപ് മുൻഗണനാ ക്രമത്തിൽ, തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡൻ ബുക്കിംഗ് നടത്തേണ്ടതാണ്. സീറ്റ് ഒഴിവ് വന്നാൽ ആവശ്യമായ രേഖകളുമായി എത്തുന്നവരെ വൈൽഡ് ലൈഫ് വാർഡന് സ്പോട്ട് ബുക്കിങ്ങും നൽകാവുന്നതാണ്.
5. ഓൺലൈൻ ബുക്കിങ് മൂന്നു ഘട്ടങ്ങളിലായി ചുവടെ ചേർക്കും പ്രകാരം തുടങ്ങാവുന്നതാണ്.

| ട്രെക്കിങ്ങ് തീയതി | ബുക്കിങ് ആരംഭിക്കേണ്ട തീയതി |
|---|---|
| 20/01/2025 മുതൽ 31/01/2025 വരെ | ജനുവരി ആദ്യ വാരം |
| 01/02/2025 മുതൽ 10/02/2025 വരെ | ജനുവരി മൂന്നാം വാരം |

| | |
|---|---|
| 11/02/2025 മുതൽ 22/02/2025 വരെ | ഫെബ്രുവരി ആദ്യ വാരം |

6. ഓൺലൈൻ ബുക്കിങ് നടത്തുന്നവർ ബുക്കിങ് തീയതി മുതൽ 10 (പത്ത്) ദിവസത്തിനകം ക്യാൻസൽ ചെയ്താൽ സ്പെഷ്യൽ ഇക്കോ സിസ്റ്റം മാനേജ്മെന്റ് ഫീസ് ആയ 500 /- രൂപ മാത്രമായിരിക്കും തിരികെ നൽകുന്നത്. പത്താമത്തെ ദിവസമോ അത് കഴിഞ്ഞോ ബുക്കിങ് റദ്ദാക്കിയാൽ യാതൊരു തുകയും തിരികെ നൽകുന്നതല്ല. എന്നാൽ യാത്ര റദ്ദാക്കുന്നവർക്ക് അവർ ഇക്കോ സിസ്റ്റം മാനേജ്മന്റ് ഫീസ് തിരികെ വാങ്ങാതിരുന്നാൽ മൂന്നു മാസത്തിനകം ബാക്കി തുക ഒടുക്കി ഓഫ് സീസൺ ട്രെക്കിങ്ങിൽ പങ്കെടുക്കാൻ മുൻഗണന നൽകുന്നതാണ്.
7. ട്രെക്കിങ്ങിന് എത്തുന്നവർ 7 ദിവസത്തിനകം എടുത്ത മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എന്നിരുന്നാലും യാത്രയിൽ ആരോഗ്യ പ്രശ്നം ഉണ്ടെന്ന് കണ്ടാൽ യാത്ര ഉപേക്ഷിക്കുന്നതിനു നിർദ്ദേശം നൽകുവാൻ വകുപ്പിന് അധികാരമുണ്ടായിരിക്കും.
8. 14 വയസ്സ് മുതൽ 18 വയസ്സിൽ കുറഞ്ഞ പ്രായമുള്ളവരെ രക്ഷാകർത്താവിനോടൊപ്പമോ രക്ഷാകർത്താവിന്റെ അനുമതി പത്രത്തോടൊപ്പമോ അല്ലാതെ രെജിസ്ട്രേഷൻ അനുവദിക്കുന്നതല്ല.
9. വന്യജീവി ആക്രമണ സാധ്യതയോ പ്രകൃതിക്ഷോഭമോ വന്നാൽ ട്രെക്കിങ്ങിൽ നിയന്ത്രണം കൊണ്ടുവരാൻ വകുപ്പിന് അധികാരമുണ്ടായിരിക്കും .
10. പുകയില ഉൾപ്പെടെ ഉള്ള ഒരു ലഹരി പദാർത്ഥങ്ങളും ട്രെക്കിങ്ങിനായി എത്തുന്നവർ കൈയിൽ കരുതാൻ പാടില്ല. അങ്ങനെ എന്തെങ്കിലും കണ്ടെത്തിയാൽ മറ്റൊരു കാരണവുമില്ലാതെ അവരെ ട്രെക്കിങ്ങ് ഗ്രൂപ്പിൽ നിന്നും മാറ്റി നിർത്താൻ വകുപ്പിന് അധികാരം ഉണ്ടായിരിക്കും.
11. പൂർണ്ണമായും പ്ലാസ്റ്റിക് രഹിത ട്രെക്കിങ്ങ് ആയിരിക്കും.
12. ട്രെക്കിങ്ങിൽ പങ്കെടുക്കുന്നവർ പ്രകൃതിയെ സംരക്ഷിക്കുന്ന നിലപാടുകൾ മാത്രമേ ട്രെക്കിങ്ങിൽ ഉടനീളം സ്വീകരിക്കാൻ പാടുള്ളൂ .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD V R

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം.

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എ. ബി. പി), വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങളിലും സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിന്)

വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

കരുതൽ ശേഖരം/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Suja S K
സെക്ഷൻ ഓഫീസർ
Date: 20-12-2024 17:30:51